## ലഹരിവിമുക്ത പമ്പയ്ക്കായി എക്സൈസ് ;84 കേസുകളിലായി 16800 രൂപ പിഴ ചുമത്തി

മണ്ഡലകാല പരിശോധനകൾ ഊർജിതമാക്കി എക്സൈസ് വകുപ്പ്. പുകയില ഉത്പന്നങ്ങൾ മദ്യം എന്നിവയുടെ ഉപയോഗം ശബരിമലയിൽ നിരോധിച്ചിട്ടുള്ളതാണ്. നിയമവിരുദ്ധമായി ഈ വക വസ്തുക്കൾ കൈവശം വയ്ക്കുന്നവരെ കണ്ടെത്തുകയും സിഗരെറ്റ്സ് ആൻഡ് അദർ ടുബാക്കോ പ്രൊഡക്ട്സ് ആക്ട് (കോട്പാ) പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് പിഴ ഈടാക്കുകയും ചെയ്യുന്നു. പമ്പ റേഞ്ച് പരിധിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന മൂന്നു യൂണിറ്റുകളായി തിരിച്ചു പരിശോധനകൾ നടത്തി വരുന്നു.

മണ്ഡലകാലാരംഭം മുതൽ വിവിധ കച്ചവട സ്ഥാപനങ്ങളിലും തൊഴിലാളി ക്യാമ്പുകളിലും നടത്തിയ പരിശോധനകളിൽ 248 പായ്ക്കറ്റ് ബീഡി, രണ്ട് പായ്ക്കറ്റ് ഹാൻസ് എന്നിവ കണ്ടെത്തി. 84 കോട്പാ കേസുകളിലായി 16,800 രൂപ പിഴ ഇടാക്കി. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ എം.നൗഷാദിന്റെ നേതൃത്വത്തിലാണ് പരിശോധന നടത്തിയത്. മദ്യം, മയക്കുമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ എന്നിവ സംബന്ധിച്ചിട്ടുള്ള വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അയ്യപ്പന്മാർ 04735 202303 എന്ന നമ്പരിൽ വിവരങ്ങൾ കൈമാറണം . പുകയില ലഹരി ഉത്പന്നങ്ങൾ ശബരിമലയിൽ ഇല്ലാതെ ആക്കുവാൻ ആയി 24 മണിക്കൂറും പ്രവർത്തിക്കുന്ന കണ്ട്രോൾ റൂം സജ്ജമാണ്.

## ഗാനസുധയിൽ ഭക്തി സാന്ദ്രമായി സന്നിധാനം




മണ്ഡലകാലാരംഭത്തോടെ വിവിധ കലാകാരന്മാർ അവതരിപ്പിക്കുന്ന കലാപരിപാടികൾ സന്നിധാനം ശാസ്താ ഓഡിറ്റോറിയത്തിൽ തുടരുന്നു. ഇന്ന് ശാസ്താരം കണ്ണൻ സി കുറുപ്പ് അവതരിപ്പിച്ച ഭകതിഗാനസുധ

സന്നിധാനത്തെ ഭക്തി സാന്ദ്രമാക്കി. തുടർച്ചയായ നാലാം വർഷമാണ് ചാലക്കുടി സ്വദേശിയായ കണ്ണൻ സി കുറുപ്പ് സന്നിധാനത്ത് ഭക്തിഗാനസുധ അവതരിപ്പിക്കുന്നത്. ഇന്നലെ വൈകിട്ട് പമ്പയിൽ നടത്തിയ പരിപാടിക്ക് ശേഷമാണു ഇന്ന് സന്നിധാനത്ത് അയ്യപ്പന് മുൻപിൽ ഗാനസമർപ്പണം നടത്തിയത്.

**പ്രകാശപാതയൊരുക്കി കെ എസ് ഇ ബി**

മണ്ഡലകാലത്ത്  മല ചവിട്ടുന്ന ഭക്തന്മാർക്ക് പ്രകാശപൂരിതമായ പാത ഒരുക്കി കെ എസ് ഇ  ബി. സന്നിധാനം മുതൽ മരക്കൂട്ടം ചന്ദ്രാനന്ദൻ റോഡ് വരെ കൂടുതൽ വൈദ്യുതി വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇഴജന്തുക്കളുടെയും വന്യമൃഗങ്ങളുടേയും ആക്രമണം ഉണ്ടാവാതി രിക്കാനുള്ള മുൻകരുതലായിട്ടാണിത്. നിലവിൽ പമ്പയിൽ നിന്ന് സന്നിധാനം വരെയും വിളക്കുകൾ ഉണ്ട്. ഇത് ഭക്തർക്ക് നേരം വൈകിയും അതിരാവിലെയും ഉള്ള മല കയറ്റവും ഇറക്കവും സുഗമമാക്കുന്നു. 24 മണിക്കൂറും സുസജ്ജമായ ടീം ആണ് വൈദ്യുതി തടസ്സം കൂടാതെ നൽകുന്നതിന് പ്രവർത്തിക്കുന്നത്. വൈദ്യുതി വിതരണത്തിൽ ചെറിയ പരാതി ഉയർന്നാലും ഉടനടി പരിഹരിക്കാൻ ഇതുവഴി കഴിയും. ഇതുവരെയും യാതൊരു തടസ്സവും ഇല്ലാത്ത വൈദ്യുതി വിതരണം നടത്തുവാൻ കഴിഞ്ഞു. 11കെ വി ലൈൻ ആയാലും മറ്റു ചെറിയ ലൈനുകളിൽ ആയാലും പ്രശ്നങ്ങൾ ഒന്നും നേരിട്ടിട്ടില്ലെന്നും അധികൃതർ അറിയിച്ചു.

ശബരിമല സന്നിധാനത്ത് കാർത്തിക ദീപക്കാഴ്ച്ച



.......

ഭക്തിയുടെയും ശരണം വിളികളുടെയും നിറവിൽ അയ്യപ്പസ്വാമിക്ക് കാർത്തിക ദീപക്കാഴ്ച്ച. ക്ഷേത്ര ശ്രീകോവിലിന് മുന്നിലായുള്ള മണ്ഡപത്തിൽ ഒരുക്കിയ കാർത്തിക ദീപക്കാഴ്ച്ച തന്ത്രി കണ്ഠരര് മഹേഷ് മോഹനര് വിളക്ക് തെളിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് മേൽശാന്തി പി.എൻ.മഹേഷ് നമ്പൂതിരി, കീഴ്ശാന്തി നാരായണൻ നമ്പൂതിരി, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഒ.ജി.ബിജു, പിആർഒ സുനിൽ അരുമാനൂർ, സന്നിധാനം പൊലീസ് സ്പെഷ്യൽ ഓഫീസർ ഗോപാലകൃഷ്ണൻ, ബാലകൃഷ്ണൻ എമ്പ്രാതിരി തുടങ്ങിയവർ വിളക്കുകൾ തെളിക്കുകയയിരുന്നു.ബാലകൃഷ്ണൻ എമ്പ്രാതിരിയുടെ നേതൃത്വത്തിൽ ശാന്തിമാരും ദേവസ്വം ജീവനക്കാരും ചേർന്നാണ് സന്നിധാനത്ത് കാർത്തിക ദീപക്കാഴ്ച ഒരുക്കിയത്.

**ശബരിമലയിലെ 28.11.2023 - ലെ ചടങ്ങുകൾ**

.............

പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ

3 ന്.... തിരുനട തുറക്കൽ.. നിർമ്മാല്യം

3.05 ന് .... പതിവ് അഭിഷേകം

3.30 ന് ...ഗണപതി ഹോമം

3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 11 .30 മണി വരെയും നെയ്യഭിഷേകം

7.30 ന് ഉഷപൂജ

12 ന് ഇരുപത്തിയഞ്ച് കലശപൂജ

തുടർന്ന് കളഭാഭിഷേകം

12.30 ന് ഉച്ചപൂജ

1 മണിക്ക് ക്ഷേത്രനട അടയ്ക്കും.

വൈകുന്നേരം 4 മണിക്ക് ക്ഷേത്രനട തുറക്കും

6.30ന് ദീപാരാധന

6.45 ന് പുഷ്പാഭിഷേകം

9.30 മണിക്ക് .....അത്താഴപൂജ

10.50ന് ഹരിവരാസനം സങ്കീർത്തനം പാടി 11മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

സന്നിധാനം ശാസ്താ ഓഡിറ്റോറിയത്തിൽ  ഇന്ന് ശാസ്താരം കണ്ണൻ സി കുറുപ്പ് അവതരിപ്പിച്ച ഭകതിഗാനസുധ